**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5139** **11-08-2021 - ൽ മറുപടിയ്ക്ക്**

**കില ഡയറക്ടറുടെ നിയമന രീതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. റോജി എം. ജോൺ** | | **Shri M. V. Govindan Master**<br>**(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി)** | |
| (എ) | കില ഡയറക്ടറുടെ നിയമന രീതിയും യോഗ്യതയും എന്തൊക്കെയാണ്; നിലവിലെ ഡയറക്ടറുടെ യോഗ്യതകൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ; | (എ) | കിലയുടെ ചട്ടങ്ങൾ പ്രകാരമോ സർവ്വീസ് ബൈലോ പ്രകാരമോ ഡയറക്ടർ ജനറലിന് നിശ്ചിത യോഗ്യത നിശ്ചയിച്ചിട്ടില്ല.നിയമന സമയത്ത് സർക്കാർ തീരുമാനിക്കുന്ന നടപടിക്രമങ്ങളിലൂടെ അനുയോജ്യനായ വ്യക്തിയെ കണ്ടെത്തി നിയമിക്കുകയാണ് ചെയ്ത് വരുന്നത്. നിലവിലെ ഡയറക്ടറുടെ യോഗ്യതകൾ 1. Master in Public Health (from Sree Chitra Tirunal Institute of Medical Sciences and Technology, TVPM) 2. MBBS (University of Kerala) |
| (ബി) | അധ്യാപന ഗവേഷണ പരിചയവും ഗവേഷണ ബിരുദവും ഡയറക്ടർ ജനറലിന്റെ യോഗ്യതകളിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | തൽക്കാലം പരിഗണനയിലില്ല. |
| (സി) | കില, അന്താരാഷ്ട്ര പഠനകേന്ദ്രം ആക്കുന്നതിന് ഉദ്ദേശിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ? | (സി) | കില നിലവിൽ അന്താരാഷ്ട്ര പഠനകേന്ദ്രമായി പ്രവർത്തിച്ചുവരുന്നു. ഇത് 2017-ലെ ഗവർണറുടെ നയപ്രഖ്യാപനത്തിൽ ഉൾപ്പെടുത്തി വന്നിട്ടുള്ളതാണ്. അതിനുമുൻപ് തന്നെ സൗത്ത് ഏഷ്യാ സ്കൂൾ കിലയുടെ ക്യാമ്പസിൽ തന്നെ സ്ഥാപിച്ചിട്ടുള്ളതുമാണ്. വിവിധ രാജ്യങ്ങളിലുള്ള പ്രതിനിധികൾക്ക് കിലയിൽ നിലവിൽ പരിശീലനങ്ങൾ നൽകിവരുന്നുണ്ട്. അതോടൊപ്പം പല രാജ്യങ്ങൾക്കും ആവശ്യമായ അക്കാദമിക്ക് -സാങ്കേതിക സഹായങ്ങളും നൽകിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ